## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം

വിഷയം:- ആ.വ.ഡ – ജീവനക്കാര്യം –ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നം. ഇ.എസ്2-49196/2004/ആവഡ തീയതി 28.02.2007

2) ഉത്തരവ് നം. ഇ.ജി4-45696/2008/ആവഡ തീയതി 05.02.2020

### ഉത്തരവ് നം.ഇ.ജി 4-45696/2008/ആ.വ.ഡ തീയതി 18.05.2020

പരാമർശം 1 പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിലെ റാങ്ക് നം.606 വരെയുള്ള ജീവനക്കാർക്ക് പരാമർശം 2 പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നിന്നും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് പരാമർശ പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം.607 മുതലുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ റൂൾ 31 (എ) കെ.എസ് & എസ്.എസ്.ആർ പ്രകാരം 30700-65400 ശമ്പള സ്കെയിലിൽ ചുവടെ ചേർക്കും വിധം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

### ഹെൽത്ത് സൂപ്പർവൈസർ പ്രൊമോഷൻ

| ക്രമ നം. | റാങ്ക് നം. | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | ജനന തീയതി | അനുവദിക്കുന്ന ജില്ല |
|---|---|---|---|---|
| 1 | 607 | ശ്രീ. ബിജുമോൻ ഫ്രാൻസിസ്<br>പി.എച്ച്.സി ചന്ദനപ്പള്ളി, പത്തനംതിട്ട | 28.12.1969 | എറണാകുളം |
| 2 | 610 | ശ്രീ. ജെ. വിപിൻ<br>പി.എച്ച്.സി തട്ടക്കുഴ, ഇടുക്കി | 06.04.1968 | കോട്ടയം |
| 3 | 611 | ശ്രീ. ബി. അഷറഫ്<br>എഫ്.എച്ച്.സി, മൊഗ്രാൽപുത്തൂർ കാസർഗോഡ് | 04.06.1967 | കാസർഗോഡ് |
| 4 | 612 | ശ്രീ. കെ.വി. ഗംഗാധരൻ<br>പി.എച്ച്.സി മടിക്കൈ, കാസർഗോഡ് | 01.05.1968 | തൃശ്ശൂർ |
| 5 | 613 | ശ്രീ. ആർ. ലാലൻ<br>പി.എച്ച്.സി പള്ളിപ്പുറം, ആലപ്പുഴ | 10.02.1965 | ആലപ്പുഴ |

| | | | | |
|---|---|---|---|---|
| 6 | 614 | ശ്രീ. പി.ജി. സുരേഷ് കുമാർ<br>സി.എച്ച്.സി വാത്തിക്കുടി, ഇടുക്കി | 20.12.1968 | എറണാകുളം |

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ടി വ്യക്തികൾക്ക് അനുയോജ്യമായ നിയമന ഉത്തരവ് നൽകേണ്ടതും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി വ്യക്തികളുടെ ജനന തീയതി, റാങ്ക് നമ്പർ എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം വിടുതൽ ചെയ്യേണ്ടതുമാണ്.

റാങ്ക് നം.608 ശ്രീ. കെ.എസ്. രാഘവൻ, മലേറിയ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നതിനാലും റാങ്ക് നം.609 ശ്രീ. ദീപു. വി.എസ് ന്റെ സേവന വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ടി ഉത്തരവിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2020 വർഷത്തിലെ പൊതുസ്ഥലമാറ്റം നടക്കാത്ത സാഹചര്യത്തിൽ മേൽ അനുവദിച്ചിരിക്കുന്ന ജില്ലകളിലേക്ക് സീനിയറായ അപേക്ഷകരുള്ള പക്ഷം സ്ഥലം മാറ്റം നടത്തുന്ന അവസരത്തിൽ മേൽ പറഞ്ഞിരിക്കുന്ന ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ജില്ലകളിലെ/സ്ഥാപനങ്ങളിലെ നിയമനം പുനഃക്രമീകരിക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന/വിടുതൽ ചെയ്യുന്നതിനുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

മേൽ ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച സ്ഥാപനം, തീയതി എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-
**ഡോ. വി. മീനാക്ഷി**
**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)**

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്
1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

റ്റി.എസ്സ് 18/05/2020